## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 7548 — 17/07/2012-ൽ മറുപടിക്ക്

### കുടുംബശ്രീയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. അജിത് | | ഡോ. എം. കെ. മുനീർ<br>(ബഹു. പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടുംബശ്രീ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു |
| (ബി) | കുടുംബശ്രീയ്ക്ക് സമാനമായി മറ്റേതെങ്കിലും ഏജൻസി നിലവിലുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | സംസ്ഥാന സർക്കാർ, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനതലത്തിൽ രൂപീകരിച്ചിട്ടുള്ള സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ ആണ് കുടുംബശ്രീ മിഷൻ. തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിൽ സമാന സംഘടനകൾ പ്രവർത്തിക്കുന്നില്ല. |
| (സി) | കുടുംബശ്രീയ്ക്കല്ലാതെ സമാനമായ മറ്റ് ഏജൻസികൾക്ക് സർക്കാർ സഹായം നൽകുന്നുണ്ടോ ? | (സി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ

7548

## അനുബന്ധം

1. കുടുംബശ്രീ സി.ഡി.എസ്. ബൈലോ പരിഷ്കരിക്കുകയും, മുഴുവൻ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെയും കുടുംബശ്രീ സംഘടനാ സംവിധാനത്തിലെ പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് പൂർത്തീകരിച്ചു പുതിയ ഭാരവാഹികൾ അധികാരത്തിലേറുകയും ചെയ്തു. കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിലേയ്ക്ക് തെരഞ്ഞെടുത്ത മുഴുവൻ ഭാരവാഹികൾക്കുമുള്ള പരിശീലന പരിപാടി പൂർത്തിയായി വരുന്നു.

2. ആശ്രയ പദ്ധതി സംസ്ഥാനത്താകമാനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ആശ്രയപദ്ധതി ഏറ്റെടുത്തിട്ടില്ലാത്ത 56 തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ ടി പദ്ധതി ആരംഭിക്കുന്നതിനാവശ്യമായ പ്രോജക്ടുകൾ തയ്യാറാക്കി സമർപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു.

3. മാനസികവും ശാരീരികവുമായി വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായിട്ടുള്ള ബഡ്സ് സ്കൂളുകൾക്ക് അംഗീകാരം ലഭ്യമാക്കുന്നതിലേക്കായി അപേക്ഷകൾ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം നൽകിക്കഴിഞ്ഞു. ഇതിൽ 10 സ്കൂളുകൾക്ക് അംഗീകാരം ലഭ്യമായിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ 51 ബഡ്സ് സ്കൂളുകൾ പ്രവർത്തിച്ചു വരുന്നതിൽ 2010-11ൽ 11 സ്കൂളുകൾക്കും 2011-12-വർഷത്തിൽ 22 സ്കൂളുകൾക്കും വാഹന സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ഇതിലേയ്ക്കായി 8 സ്കൂളുകളുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

4. മാനസികവും ശാരീരികവുമായി വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കുടുംബശ്രീ സി. ഡി. എസ്. ബൈലോ പരിഷ്കരിച്ചിട്ടുണ്ട്. കൂടാതെ 7 പുതിയ ബഡ്സ് സ്കൂളുകൾക്ക് രജിസ്ട്രേഷൻ ലഭിച്ചുകഴിഞ്ഞു. മറ്റുള്ളവയുടെ നടപടികൾ ആരംഭിച്ചു

5. എല്ലാ കുടുംബശ്രീ അയൽക്കൂട്ടങ്ങളിലും രോഗ പ്രതിരോധ - ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ പ്രവർത്തനങ്ങൾ ആരംഭിച്ചു.

6. മഹിളാ കിസാൻ സശാക്തീകരണ പരിയോജന-പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇതിന്റെ ഭാഗമായി മാസ്റ്റർ കർഷകരെ തിരഞ്ഞെടുത്തു കഴിഞ്ഞു. കേരള കാർഷിക സർവ്വകലാശലയുമായി സഹകരിച്ച് മാസ്റ്റർ കർഷകർക്കുള്ള സാങ്കേതിക പരിശീലനം ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു.

7. സംസ്ഥാനത്തിലെ എല്ലാ പഞ്ചായത്തുകളി ലേയ്ക്കും ആട് ഗ്രാമം ക്ഷീരസാഗരം എന്നീ പദ്ധതികൾ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ജില്ല തലത്തിലുള്ള പരിശീലനങ്ങൾ സംഘടിപ്പിച്ചു.

8. കുടുംബശ്രീ മാർക്കറ്റിംഗ് നെറ്റ് വർക്ക് എറണാകുളം, ആലപ്പുഴ, ഇടുക്കി എന്നീ ജില്ലകളിൽകൂടി വ്യാപിപ്പിച്ചു.

7548



9. കുടുംബശ്രീയുടെ അപ്പാരൽ യൂണിറ്റുകളുടെ കാദംബരി ബ്രാന്റ് ഉല്പന്നം വിപണിയിലിറക്കി.

10. കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ആവാസ് യോജനയുടെ ഭാഗമായി ചേരി രഹിത നഗരാസൂത്രണ കർമ്മ പരിപാടി തൃശ്ശൂർ,കൊല്ലം, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിലും കണ്ണൂർ മുൻസിപ്പാലിറ്റിയിലും അവയുടെ സമീപ പ്രദേശങ്ങളിലും നടപ്പാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. കൊല്ലം നഗരസഭയുടെ ചേരി രഹിത നഗരാസൂത്രണ പരിപാടി തയ്യാറാക്കൽ ആരംഭിച്ചു കഴിഞ്ഞു.

11. ഇതു കൂടാതെ പാർശ്വവത്ക്കരിക്കപ്പെട്ട ജനവിഭാഗങ്ങളെ കുടുംബശ്രീ സംഘടനാ സംവിധാനത്തിൽ ഉൾപ്പെടുത്തി, അവർക്ക് അടിസ്ഥാനസൗകര്യങ്ങളും അതിജീവനോപാധികളും നേടിക്കൊടുക്കുന്നതിനായി കുടുംബശ്രീ വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു. പട്ടികവർഗ്ഗ ജനവിഭാഗം, തീരദേശവാസികൾ, ഭാഷാന്യൂനപക്ഷങ്ങൾ, ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർ, അഗതികൾ, അസുഖത്താലും മറ്റും കഷ്ടപ്പെടുന്നവർ എന്നിവർക്കുവേണ്ടി കുടുംബശ്രീ പദ്ധതികൾ രൂപീകരിക്കുവാൻ ആരംഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ ക്കാരുടെ ഉന്നമനത്തിനായി സ്പെഷ്യൽ ആശ്രയ പ്രോജക്ട്, പട്ടികവർഗ്ഗ സുസ്ഥിര വികസന പദ്ധതി എന്നിവ നടപ്പിലാക്കുന്നു. അഗതികളും, മാരകരോഗങ്ങളാൽ കഷ്ടപ്പെടുന്നവർ, ശാരീരിക മാനസിക വൈകല്യമുള്ളവർ എന്നിവരുടെ പുനരധിവാസത്തിനായി ആശ്രയ പദ്ധതി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ആശ്രയ, ബഡ്സ് സ്കൂൾ എന്നിവ നടപ്പിലാക്കി വരുന്നു. തീരദേശവാസികൾ, ഭാഷാന്യൂനപക്ഷങ്ങൾ എന്നിവർക്കായി ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ ഭാഗമായി പ്രത്യേക പദ്ധതികൾ നടപ്പു വർഷം ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ